69 (387) കെ.എസ്.ആർ.ടി.സി.ക്ക് പുതിയ ബസ്സുകൾ വാങ്ങുന്നതിന് വായ്പ

ശ്രീമതി ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി :
ശ്രീ. പി. നാരായണൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ക്ക് പുതിയ ബസ്സുകൾ വാങ്ങുന്നതിന് എവിടെ നിന്നെല്ലാം വായ്പ ലഭിക്കുന്നുണ്ട്; പുതിയതായി എവിടെ നിന്നെല്ലാം വായ്പ ലഭിക്കും എന്നറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വായ്പ ഉപയോഗിച്ച് എത്ര ബസ്സുകൾ നിരത്തിലിറക്കി; ഇനി എത്ര ബസ്സുകൾ കൂടി നിരത്തിലിറക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ട്രാൻസ്പോർട്ട് ഡിപ്പോകൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ഡിപ്പോകൾ;

(ഡി) നവീകരിക്കുന്ന ഡിപ്പോകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയ ബസ്സുകൾ വാങ്ങുന്നതിന് കെ.റ്റി.ഡി.എഫ്.സി. യിൽനിന്നും പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽനിന്നും വായ്പ ലഭിച്ചിട്ടുണ്ട്. ഹഡ്കോയിൽ നിന്നും ഈ ആവശ്യത്തിലേക്കായി 100 കോടി രൂപ അനുവദിച്ചു. ഇവ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. കൂടാതെ പാലക്കാട് ജില്ലാ ബാങ്ക് വായ്പ അനുവദിച്ച രീതിയിലുള്ള വ്യവസ്ഥകളിൻമേൽ പണമനുവദിക്കുവാൻ മറ്റു ജില്ലാ ബാങ്കുകളും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 1171 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ സ്വന്തം പണവും പാലക്കാടു ജില്ലാ സഹകരണബാങ്കിൽ നിന്നുള്ള വായ്പതുകയും കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമുള്ള വായ്പത്തുകയും ഇതിനായി ഉപയോഗിച്ചിട്ടുണ്ട്. ഹഡ്കോയിൽനിന്നും അനുവദിക്കുന്ന തുക പുതിയ ബസ്സുകൾ നിരത്തിലിറക്കുവാനും, വർക്ക്ഷോപ്പുകൾ നവീകരിക്കുവാനും ബസ് സർവ്വീസ് കാര്യക്ഷമമാക്കുവാനും വിനിയോഗിക്കും.

(സി) സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് എല്ലാ ഡിപ്പോകളും നവീകരിക്കാൻ ഉദ്ദേശമുണ്ട്.

(ഡി) ഡിപ്പോകൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് സാദ്ധ്യതയുള്ള ബസ് സ്റ്റേഷനുകളിൽ ആയവ നിർമ്മിക്കുന്നതിനുള്ള പൊതുവായ തീരുമാനം കെ.എസ്. ആർ.ടി.സി. എടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കണ്ണൂരിൽ ഷോപ്പിംഗ് കോപ്ലക്സിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. കാസർഗോഡ് ഡിപ്പോയിൽ അവ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. അങ്കമാലി, പേരൂർക്കട എന്നിവിടങ്ങളിൽ ഇവ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തമ്പാനൂരിൽ മേൽപറഞ്ഞ സൗകര്യങ്ങളോടുകൂടിയ ടെർമിനൽ ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി. യുടെ വിവിധ ബസ് സ്റ്റേഷനുകളിൽ "ബി.ഒ.റ്റി" സ്കീമിൽ ഉൾപ്പെടുത്തി ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തിക്കൊണ്ടിരിക്കുന്നു. നവീകരണത്തിന്റെ ഭാഗമായി എല്ലാ ഡിപ്പോകളേയും ചീഫ് ഓഫീസുമായി ബന്ധിപ്പിക്കുന്ന ഒരു കമ്പ്യൂട്ടർ നെറ്റ് വർക്ക് ആരംഭിക്കുന്നതാണ്. കൂടാതെ വർക്ക്ഷോപ്പുകളിൽ ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുവാനും ഉദ്ദേശ്യമുണ്ട്.

70 (388) നാഗർകോവിൽ വർക്കല ബസ് സർവ്വീസ്

<u>ശ്രീ. എ. അലിഹസ്സൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഗർകോവിൽ നിന്നും വർക്കലയ്ക്ക് ദീർഘകാലമായി തമിഴ്നാട് സർക്കാർ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന രണ്ടു ബസ്സുകൾ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തെ തുടർന്ന് സർവ്വീസ് നടത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ നിർദ്ദേശം നൽകാനുള്ള കാരണം വിശദമാക്കുമോ;

(ബി) ഈ സർവ്വീസുകൾ പുനരാരംഭിക്കാൻ അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനുപകരമായി കെ.എസ്.ആർ.ടി.സി. മുഖേന സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വ്യവസായ കേന്ദ്രങ്ങളായ വർക്കല, പൊൻമുടി എന്നീ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26.8.92-ലെ 13649/എം.3/92/പി.ഡബ്ല്യൂ. ആന്റ്.ടി. എന്ന ഉത്തരവു പ്രകാരം 1989-ലെ കേരള-തമിഴ്നാട് അന്തർ സംസ്ഥാന കരാർ റദ്ദു ചെയ്യുകയുണ്ടായി. നാഗർകോവിൽ-വർക്കല സർവ്വീസ് പ്രസ്തുത കരാറിൽപ്പെട്ടതാണ്. തൻമൂലം തമിഴ്നാട് സർക്കാരിന് ഈ സർവ്വീസ് നടത്തുവാൻ കഴിയുകയില്ല.

(ബി) 1989 -ലെ അന്തർ സംസ്ഥാന കരാർ ഇപ്പോൾ നിലവിലില്ലാത്തതിനാൽ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുവാൻ കഴിയുകയില്ല.

(സി) നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ പ്രസ്തുത റൂട്ട് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സർവ്വീസ് ആരംഭിക്കുവാൻ നിവൃത്തിയില്ല.

(ഡി) ദേശസാൽകൃത മേഖലയിലെ സർവ്വീസുകൾക്കും, വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകൾക്കുമാണ് കെ.എസ്.ആർ.ടി.സി. മുൻഗണന നൽകുന്നത്. പൊൻമുടിയിലേയ്ക്ക് ഇപ്പോൾ തന്നെ ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നുണ്ട്. ബസ്സുകളുടെ അപര്യാപ്തതമൂലം വർക്കലയിൽ നിന്നും പൊൻമുടിയിലേയ്ക്ക് സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly